# കണ്ണൂർ സർവ്വകലാശാല

(അക്കാദമിക് 'ഡി' വിഭാഗം)

നം. അക്കാദ്. ഡി2/2805/2017 തീയ്യതി : 17.07.2017

## സർക്കുലർ

### നോഡൽ ഓഫീസർമാർക്കുള്ള നിർദ്ദേശങ്ങൾ

......

1) ജൂലൈ 15 ാം തീയ്യതി കണ്ണൂർ സർവ്വകലാശാലയുടെ താവക്കര കാമ്പസിൽ വെച്ച് നടന്ന എസ്.സി/എസ്.ടി സ്പോട്ട് അഡ്മിഷനിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് ജൂലൈ 18,19 തീയ്യതികളിൽ കോളേജുകളിൽ പ്രവേശനം നൽകേണ്ടതാണ്. അലോട്ട്മെന്റ് മെമ്മോയുമായി വരുന്ന വിദ്യാർത്ഥികളുടെ മാർക്ക്ലിസ്റ്റും സർട്ടിഫിക്കറ്റുകളും കൃത്യമായി പരിശോധിച്ചതിനുശേഷം മാത്രം പ്രവേശനം നൽകേണ്ടതാണ്.

2) മറ്റ് വിഭാഗങ്ങളുടെ സ്പോട്ട് അഡ്മിഷൻ കോളേജുകളിൽ വെച്ച് തന്നെയാണ് നടത്തേണ്ടത്. വിദ്യാർത്ഥികൾക്ക് ജൂലൈ 18 ാം തീയ്യതി മുതൽ 20 ാം തീയ്യതി രാവിലെ 11 മണിവരെ അതാത് കോളേജുകളിൽ സ്പോട്ട് അഡ്മിഷൻ ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് റാങ്ക്ലിസ്റ്റ് തയ്യാറാക്കി 20 ാം തീയ്യതി ഉച്ചയ്ക്ക് 2 മണിക്ക് മുമ്പായി കോളേജിൽ പ്രദർശിപ്പിക്കേണ്ടതാണ്.

3) ഓൺലൈനായി രജിസ്റ്റർ ചെയ്ത എല്ലാ വിദ്യാർത്ഥികളുടെയും (സേ രജിസ്ട്രേഷനും വിവിധ കാരണങ്ങളാൽ CAP ൽ നിന്നും പുറത്തായവരുൾപ്പെടെ) റാങ്ക് ലിസ്റ്റ് സർവ്വകലാശാല കോളേജുകൾക്ക് നൽകുന്നതാണ്. ഈ റാങ്ക്ലിസ്റ്റ് മാനദണ്ഡമാക്കി 20 ാം തീയ്യതി രാവിലെ 11 മണിവരെ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഇൻഡക്സ് മാർക്കിന്റെയും കാറ്റഗറിയുടെയും അടിസ്ഥാനത്തിലാണ് കോളേജുകൾ റാങ്ക്ലിസ്റ്റ് തയ്യാറാക്കേണ്ടത്.

4) ഓൺലൈൻ രജിസ്റ്റർ ചെയ്തവരുടെ അഭാവത്തിൽ മാത്രമേ ഓൺലൈനായി രജിസ്റ്റർ ചെയ്യാത്തവരെ പരിഗണിക്കാവൂ.

5) എസ്.സി/എസ്.ടി വിഭാഗത്തിൽ ഒഴിവുകളുണ്ടെങ്കിൽ ആ വിഭാഗത്തെ പരിഗണിച്ചതിനുശേഷം വീണ്ടും ഒഴിവ് വരികയാണെങ്കിൽ, ഗവൺമെന്റ്, എയ്ഡഡ് (ബാക്ക്വേർഡ് മൈനോറിറ്റി ഒഴികെ) കോളേജുകൾക്ക് ആ ഒഴിവിലേക്ക് ഒ.ഇ.സി വിഭാഗത്തിനും, ഒ.ഇ.സി വിഭാഗങ്ങളുടെ അഭാവത്തിൽ എസ്.ഇ.ബി.സി, ജനറൽ എന്നീ ക്രമത്തിൽ പ്രവേശനം നൽകാവുന്നതാണ്. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി ഒ.ഇ.സി വിഭാഗത്തിലേക്ക് മാറ്റിയ 30 സമുദായങ്ങളെ എസ്.ഇ.ബി.സി കാറ്റഗറിയിലാണ് പരിഗണിക്കേണ്ടത്.

6) എയ്ഡഡ് (ബാക്ക്വേർഡ് മൈനോറിറ്റി) കോളേജുകൾക്ക് എസ്.സി/എസ്.ടി സീറ്റ് ഒഴിവ് വരികയാണെങ്കിൽ ഈ ഒഴിവലേക്ക് കോളേജുകൾ നടത്തുന്ന കമ്മ്യൂണിറ്റി വിഭാഗത്തിൽപ്പെട്ടവർക്ക് പ്രവേശനം നൽകാവുന്നതാണ്. എന്നിട്ടും ഒഴിവ് വരികയാണെങ്കിൽ, ഒ.ഇ.സി, എസ്.ഇ.ബി.സി, ജനറൽ എന്നീ ക്രമത്തിൽ പ്രവേശനം നൽകാവുന്നതാണ്.

(മറുപുറം...2)

7) മറ്റ് വിഭാഗങ്ങളിൽ വരുന്ന ഒഴിവുകൾ (ഈഴവ, മുസ്ലീം, ഒബിഎക്സ്, ഒബിഎച്ച്, ബിപിഎൽ, സ്പോർട്സ് തുടങ്ങിയവ) അപേക്ഷകരുടെ അഭാവത്തിൽ ജനറൽ വിഭാഗത്തിലേക്ക് മാറ്റാവുന്നതാണ്.

8) 20 ാം തീയ്യതി ഉച്ചയ്ക്ക് 2 മണിക്ക് തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും അന്ന് ഉച്ച മുതൽ 22 ാം തീയ്യതി വൈകുന്നേരം 5 മണി വരെ പ്രവേശനം നടത്താവുന്നതാണ്.

9) ജൂലൈ 18 മുതൽ 22 വരെ സ്വാശ്രയ കോളേജുകളിൽ ലഭിക്കുന്ന സ്പോട്ട് അഡ്മിഷനുള്ള അപേക്ഷകളിൽ 22 ാം തീയ്യതി വൈകുന്നേരം 5 മണിക്ക് മുമ്പായി പ്രവേശനം പൂർത്തിയാക്കേണ്ടതാണ്.

ജൂലൈ 22 ന് 5 മണിക്ക് ശേഷം ഒഴിവുകളുണ്ടെങ്കിൽ 24, 25 തീയ്യതികളിൽ കൂടി സ്വാശ്രയകോളേജുകൾക്ക് സ്പോട്ട് അഡ്മിഷൻ നടത്താവുന്നതാണ്. ഓരോ ദിവസവും 11 മണിക്ക് മുമ്പായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അതാത് ദിവസം റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രവേശനം നടത്താവുന്നതാണ്. യാതൊരു കാരണവശാലും 25 ന് വൈകുന്നേരം 5 മണിക്ക് ശേഷം അഡ്മിഷൻ അനുവദിക്കുന്നതല്ല.

10). വിദ്യാർത്ഥികൾക്ക് അവർക്ക് അർഹതപ്പെട്ട കോഴ്സുകളിലേക്ക് മാത്രമേ പ്രവേശനം നൽകാവൂ. കോഴ്സ് മാറ്റം, ഇക്കാര്യത്തിൽ സർവ്വകലാശാലയുടെ അനുമതി ലഭിക്കുന്നതിന് മുമ്പ് ഒരു കാരണവശാലും അനുവദിക്കുന്നതല്ല.

11) പ്രവേശന നടപടികൾ ജൂലൈ 25 ന് വൈകുന്നേരം 5 മണിക്ക് പൂർത്തിയാവുന്നതാണ്.

ഒപ്പ്/-
ജോയിന്റ് രജിസ്ട്രാർ (അക്കാദ്)
രജിസ്ട്രാർക്ക് വേണ്ടി

വിതരണാനുമതിയോടെ
സെക്ഷൻ ഓഫീസർ

S.17.07.2017